# പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6363** **08/11/2016-ൽ മറുപടിക്ക്**

## ഐ.ടി. കമ്പനികളിൽ വനിതാ ജീവനക്കാരുടെ ജോലി സമയം ക്രമീകരിക്കൽ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പല ഐ. ടി. കമ്പനികളിലും വനിതാ ജീവനക്കാരുടെ ജോലി സമയം ക്രമീകരിച്ച് നൽകാത്തത് സ്ത്രീ സുരക്ഷയെ തന്നെ ബാധിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ ജോലി സമയം ക്രമീകരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമോ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ.ടി പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി കമ്പനികളിൽ പലതും വിദേശ രാജ്യങ്ങളിലെ പ്രോജക്ടുകൾക്ക് വേണ്ടി പ്രവർത്തിക്കുന്നതിന്റെ ഫലമായി അതാത് രാജ്യങ്ങളിലെ സമയ ക്രമം ആണ് പാലിക്കുന്നത്. തന്മൂലം രാത്രി ഷിഫ്റ്റുകളിൽ വനിതാ ജീവനക്കാർക്കും ജോലി ചെയ്യേണ്ടി വരുന്നു.<br><br>വൈകിയും, രാത്രികാലങ്ങളിലും ജോലി ചെയ്യുന്ന വനിതാ ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സുരക്ഷാ ജീവനക്കാരുടെ അകമ്പടിയോടെ വാഹന സൗകര്യം, കാംമ്പസ് മുഴുവനും മതിയായ വെളിച്ചം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ, സി.സി.ടി.വി ക്യാമറ സംവിധാനം, സെക്യൂരിറ്റി ജീവനക്കാർ, രാത്രികാലങ്ങളിലെ പോലീസ് പെട്രോളിംഗ് തുടങ്ങിയ സുരക്ഷാ ക്രമീകരണങ്ങൾ എല്ലാ ഐ.ടി പാർക്കുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെ ഉണ്ടാകാവുന്ന അതിക്രമങ്ങൾ തടയുന്നതിനു വേണ്ടി ആന്റി വിമൻ ഹരാസ്സ്മെന്റ് സെൽ, പെറ്റീഷൻ കമ്മിറ്റി, വിജിലൻസ് സെൽ എന്നിവയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഐ.ടി. പാർക്കുകളിലും, ഐ.ടി. കമ്പനികളിലും മതിയായ സ്ത്രീ സുരക്ഷാ സംവിധാനങ്ങൾ നിലവിലുണ്ടോയെന്നത് പരിശോധിക്കാറുണ്ടോ; ഇല്ലെങ്കിൽ ഇത്തരം തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെ ഉണ്ടാകാവുന്ന അതിക്രമങ്ങൾ തടയുന്നതിനാവശ്യമായ സംവിധാനമൊരുക്കുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ